**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1028** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഭാഷാശേഷിയും സാങ്കേതിക നൈപുണ്യവും വികസിപ്പിക്കുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. അൻവർ സാദത്ത്

ശ്രീ. നീലകണ്ഠൻ

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. ടി .ഒ. മോഹനൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മാതൃഭാഷയിലും ഭരണഭാഷയായ മലയാളത്തിലും ഇംഗ്ലീഷ് ഭാഷയിലുമുള്ള ഭാഷാപ്രയോഗ ശേഷിയും ആശയസംവേദനക്ഷമതയും ഉറപ്പാക്കുന്നതിനായി പ്രാഥമിക തലം മുതൽ ഹയർസെക്കന്ററി തലം വരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മാതൃഭാഷയിലും ഭരണഭാഷയായ മലയാളത്തിലും ഇംഗ്ലീഷിലും ഉള്ള ആശയവിനിമയ ക്ഷമതയും ഭാഷാപ്രയോഗശേഷിയും ഉറപ്പാക്കാൻ, പ്രൈമറിതലം മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതിയിൽ അനുയോജ്യമായ പഠനാനുഭവങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ പ്രായവും ഭാഷാശേഷിയും പരിഗണിച്ചാണ് ഇവ തയ്യാറാക്കിയിട്ടുള്ളത്. കേൾവി, സംസാരം, വായന, എഴുത്ത് എന്നീ അടിസ്ഥാനശേഷികൾ ക്രമബദ്ധമായി വികസിപ്പിക്കുന്ന രീതിയിലാണ് പാഠപുസ്തകങ്ങളും അധ്യാപക സഹായികളും രൂപകൽപ്പന ചെയ്തിട്ടുള്ളത്.

ആശയങ്ങൾ വ്യക്തമായി പ്രകടിപ്പിക്കുക, സംവാദങ്ങളിൽ പങ്കാളികളാവുക, വായനാനുഭവം വികസിപ്പിക്കുക, സർഗ്ഗാത്മക രചന, അവതരണശേഷി, വിമർശനാത്മക വായന തുടങ്ങിയവ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കിയിട്ടുണ്ട്. കൂടാതെ, മലയാളം ഭരണഭാഷയായതിനാൽ ഔദ്യോഗിക കത്തിടപാടുകൾ, റിപ്പോർട്ട് തയ്യാറാക്കൽ, അറിയിപ്പുകൾ, അപേക്ഷകൾ തുടങ്ങിയ ജീവിതബന്ധിയായ ഭരണഭാഷാ പ്രയോഗങ്ങൾ പ്രവർത്തനങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷയിലെ കമ്മ്യൂണിക്കേഷൻ സ്കിൽ വർധിപ്പിക്കുന്നതിനായി പ്രവർത്തനാധിഷ്ഠിതവും സംവാദങ്ങൾക്ക് മുൻഗണന നൽകുന്നതുമായ പഠനരീതികൾക്കാണ് പ്രാധാന്യം നൽകുന്നത്.

മാതൃഭാഷയിലും ഭരണഭാഷയായ മലയാളത്തിലും ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകളിലുമുള്ള ഭാഷാ പ്രയോഗശേഷിയും ആശയ സംവേദനക്ഷമതയും ഉറപ്പാക്കുന്നതിനായി ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ ചുവടെ പറയുന്ന പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

1. മലയാളത്തിളക്കം

2. ഹലോ ഇംഗ്ലീഷ്

3. സുരീലി ഹിന്ദി

4. വായനവസന്തം

5. വായനാകാർഡുകൾ

6. ഹെൽപിംഗ്ഹാന്റ്

7. പ്യാരി ഉറുദു

8. സംസ്കൃതമാധുരി

9. അഹ്ലൻ അറബിക്

10. ഭാഷോത്സവം

11. രചനോത്സവം

12. വായനക്കൂട്ടം - എഴുത്തുകൂട്ടം

13. സചിത്ര പുസ്തകം

14. സംയുക്ത ഡയറി

15. സർഗാത്മക ഡയറി

പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ ഹൈടെക് സംവിധാനങ്ങൾ ഭാഷാ പഠനത്തിനും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത 'ഇ-ലാംഗ്വേജ് ലാബ്' സംവിധാനം കൈറ്റ് സജ്ജമാക്കി സ്കൂളുകൾക്ക് സൗജന്യമായി നൽകിയിട്ടുണ്ട്. അധിക ചെലവില്ലാതെ സ്കൂളിലെയും കുട്ടികളുടേയും സാധാരണ ലാപ് ടോപ്പുകളിൽ ഇൻസ്റ്റാൾ ചെയ്യാൻ കഴിയുന്നതാണ് 'ഇ-ലാംഗ്വേജ് ലാബ്'. ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുന്നതിന് ലക്ഷ്യമിടുന്ന 'ഇ-ക്യൂബ് ഇംഗ്ലീഷ്', ഹിന്ദി ഭാഷാ പഠനത്തിന് 'ഇ ക്യൂബ് ഹിന്ദി ഭാഷാ പ്രയോഗ് ശാല' തുടങ്ങിയവ ഇ-ലാംഗ്വേജ് ലാബ്-ന്റെ ഭാഗമാണ്. ഗെയിമിങ്ങിലൂടെയും ഇന്ററാക്ടീവ് രീതിയിലും ഭാഷ കേട്ട് മനസിലാക്കാനും സംസാരിക്കാനും എഴുതാനും വായിക്കാനുമുള്ള പഠനപ്രവർത്തനങ്ങൾ സോഫ്റ്റ് വെയറിൽ ഉണ്ട്. ഇ-ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയർ സ്കൂളുകൾക്ക് ലഭ്യമാക്കുകയും അത് ഉപയോഗിക്കാൻ അധ്യാപകർക്ക് പ്രത്യേക പരിശീലനം 'കൈറ്റ്' നൽകുകയും ചെയ്തു.

**(ബി)** സാങ്കേതിക പരിജ്ഞാനത്തിനും തൊഴിലധിഷ്ഠിത നൈപുണ്യവികസനത്തിനും പ്രാധാന്യം നല്കുന്ന രീതി സ്കൂൾ പാഠ്യപദ്ധതിയിലും ഭൗതികസൗകര്യങ്ങളിലും നടപ്പാക്കുമോ; വ്യക്തമാക്കുമോ ;

**<u>മറുപടി:</u>** സാങ്കേതിക പരിജ്ഞാനത്തിനും തൊഴിലധിഷ്ഠിത നൈപുണ്യ വികസനത്തിനും മുൻഗണന നൽകിക്കൊണ്ട് സ്കൂൾ പാഠ്യപദ്ധതിയ്ക്കനുസൃതമായി ഭൗതികസൗകര്യങ്ങളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. വിവരസാങ്കേതികവിദ്യയുടെ ഉത്തരവാദിത്വമുള്ള ഉപയോഗം, ഡിജിറ്റൽ സാക്ഷരത, അടിസ്ഥാന കമ്പ്യൂട്ടർ നൈപുണ്യങ്ങൾ, ഓൺലൈൻ പഠനസ്രോതസ്സുകളുടെ ഉപയോഗം, സൈബർ സുരക്ഷ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) തുടങ്ങിയ ആധുനിക മേഖലകളെ പ്രായോഗിക പഠനാനുഭവങ്ങളുമായി ബന്ധിപ്പിക്കും.

തൊഴിൽ നൈപുണ്യ വികസനത്തിന്റെ ഭാഗമായി കൃഷി, ഭക്ഷ്യസംസ്കരണം, വസ്ത്രനിർമ്മാണം, കരകൗശല വിദ്യകൾ, അടിസ്ഥാന സാങ്കേതിക ജോലികൾ, സംരംഭകത്വബോധം, ജീവിത നൈപുണ്യങ്ങൾ (Life Skills) എന്നിവ പഠനപ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ 'തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം' എന്ന പ്രവർത്തന പുസ്തകത്തിലൂടെ നടത്തിയിട്ടുണ്ട്. ഇതിനായി സ്കൂളുകളിലെ ലാബുകൾ, ഐ.സി.ടി. (ICT) സൗകര്യങ്ങൾ, പ്രവർത്തനകേന്ദ്രങ്ങൾ,

തൊഴിൽപരിചയ പഠനത്തിനാവശ്യമായ ഉപകരണങ്ങൾ എന്നിവ ഘട്ടംഘട്ടമായി നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

സമഗ്ര ശിക്ഷാ കേരളത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നൈപുണ്യ വികസന കേന്ദ്രങ്ങൾ (സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ) സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നൈപുണ്യവും തൊഴിൽ ശേഷിയും വികസിപ്പിക്കുന്ന തരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ 210 സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള പ്രസ്തുത എസ്.ഡി.സി-കൾ പ്രതിവർഷം 10500 വീതം വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂട് (NSQF) അധിഷ്ഠിതമായ നൈപുണ്യ പരിശീലനം നൽകുന്നു. ഇതിനായി 420 നൈപുണ്യ കോഴ്സുകൾക്കുള്ള ഉപകരണങ്ങളും ലബോറട്ടറി സൗകര്യവും ഉറപ്പാക്കിയിട്ടുണ്ട്.

**(സി)** പുതിയ കാലത്തിന്റെ ആവശ്യം കണക്കിലെടുത്ത് വിദേശഭാഷകൾ പഠിക്കാനുള്ള അവസരം സ്കൂൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;വിശദമാക്കുമോ ?

**<u>മറുപടി:</u>** മാറിവരുന്ന കാലഘട്ടത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത്, ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്ക് വിദേശഭാഷകളായ ഫ്രഞ്ച്, ജർമ്മൻ, റഷ്യൻ, സിറിയക് ഈസ്റ്റ്, സിറിയക് വെസ്റ്റ്, ലാറ്റിൻ എന്നിവ പഠിക്കാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**